ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**0471 2561307**

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ)- ഈ വകുപ്പിന് കീഴിൽ 31.12.2022 വരെ ഡ്രൈവർ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

ജീവനക്കാര്യം (ജി) വിഭാഗം

നം. DTETVM/9666/2024-EG3 (EG) തിരുവനന്തപുരം, തീയതി : 23-02-2025

---

വായന :-
1. ഈ ഓഫീസിലെ 13.09.2023 തീയതിയിലെ EG3/14949/23/DTE നമ്പർ ഉത്തരവ്.
2. കോളേജ് ഓഫ് എൻജിനീയറിങ് തിരുവനന്തപുരം പ്രിൻസിപ്പാളിൻറെ 25.9.2024 ലെ ബി2/2214/2024/CET നമ്പർ കത്ത്.
3. 11-12-2024 ലെ DTETVM/9666/2024-EG3 (EG) നമ്പർ പരിപത്രം.

**ഉത്തരവ്**

ഈ വകുപ്പിന് കീഴിൽ 31.12.2022 വരെ ഡ്രൈവർ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് വായന (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

കോളേജ് ഓഫ് എൻജിനീയറിങ്. തിരുവനന്തപുരത്തു ഡ്രൈവർ ഗ്രേഡ് II (എച്ച് ഡി വി)/ ഡ്രൈവർ കം ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ ടൈസ് ബർണാർഡ്, ടിയാൻറെ സീനിയോറിറ്റി സംബന്ധിച്ചു സമർപ്പിച്ച അപേക്ഷയും, അനുബന്ധ രേഖകളും മേൽ നടപടികൾ സ്വീകരിക്കുന്നതിനായി സൂചന (2) കത്ത് പ്രകാരം പ്രിൻസിപ്പാൾ അയച്ചു നൽകിയിട്ടുണ്ട്.
ആയത് പ്രകാരം ശ്രീ ടൈസ് ബർണാർഡ്, നു അച്ചടി വകുപ്പിൽ ഡ്രൈവർ ഗ്രേഡ് II (എച്ച്ഡിവി) തസ്തികയിലേക്കുള്ള നിയമന ശുപാർശ തിരുവനന്തപുരം ജില്ലാ PSC യുടെ 09/03/2016 ലെ DTD(2) 3446/2008 നമ്പർ പ്രകാരം ലഭിക്കുകയും, 04.04.2016 ൽ അച്ചടി വകുപ്പിൽ തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിൽ ഡ്രൈവർ ഗ്രേഡ് 11 (എച്ച് ഡി വി) തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. അച്ചടി വകുപ്പ് ഡയറക്ടറുടെ 10/11/2023 തീയതിയിലെ PTGD/2634/2023-ES നമ്പർ നടപടിക്രമം പ്രകാരം, ഒഴിവിൻറെ അഭാവത്തിൽ, 09.11.2023 തീയതിയിൽ അച്ചടി വകുപ്പിൽ നിന്നും ടിയാനെ നീക്കം ചെയ്തുകൊണ്ട് ഉത്തരവ് നൽകി.
തുടർന്നു, ശ്രീ ടൈസ് ബർണാർഡിനു, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഡ്രൈവർ ഗ്രേഡ് II (എച്ച് ഡിവി) തസ്തികയിലേക്കുള്ള നിയമന ശുപാർശ തിരുവനന്തപുരം ജില്ലാ PSC യുടെ 29/02/2024 ലെ DTD(2) 473835/2021 പ്രകാരം ലഭിക്കുകയും, ഈ ഓഫീസിലെ 13/03/2024 ലെ ഇഡി3/27684/2009 നമ്പർ നടപടിക്രമം പ്രകാരം, കോളേജ് ഓഫ് എൻജിനീയറിങ് തിരുവനന്തപുരത്തു ഡ്രൈവർ ഗ്രേഡ് II (എച്ച് ഡി വി)/ ഡ്രൈവർ കം ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ നിയമന ഉത്തരവ് നൽകി. ആയതിൻറെ അടിസ്ഥാനത്തിൽ 19/03/2024 ൽ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ആയതിനാൽ ടിയാൻറെ മുൻ വകുപ്പിലെ സേവനം കൂടി സീനിയോറിറ്റിക്ക് പരിഗണിക്കണമെന്ന് ആവ

ശ്യപ്പെട്ട് സ്ഥാപന മേധാവി മുഖേന അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ശ്രീ ടൈസ് ബർണാർഡിൻറെ അപേക്ഷ വിശദമായി പരിശോധിക്കുകയും, KS&SSRs 1958-ലെ പാർട്ട് 11-ലെ റൂൾ 27(സി) യുടെ 3-ആം പ്രൊവിസോ പ്രകാരം, ഉദ്യോഗസ്ഥൻറ െ സീനിയോറിറ്റി, ആദ്യ അഡ്വൈസ് തീയതി മുതൽ പുനഃസ്ഥാപിക്കുന്നതിന് അർഹത ഉള്ളതിനാൽ, മേൽപറഞ്ഞ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുവാൻ ടിയാൻ യോഗ്യനാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വായന (1) സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച ഈ വകുപ്പിൽ 31.12.2022 വരെ ഡ്രൈവർ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 22 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ. മനോജ് പി ആർ നും ക്രമ നമ്പർ 23 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ രതീഷ് സി എൻ നും ഇടയിൽ ക്രമ നമ്പർ 22 എ ആയി ശ്രീ.ടൈസ് ബർണാർഡ് ഉൾപ്പെടുത്തി ലിസ്റ്റ് പരിഷ്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.ടൈസ് ബർണാർഡ് ന്റേറ സ്ഥാനം ചുവടെ പറയും പ്രകാരം ക്രമീകരിച്ചിരിക്കുന്നു.

| FINAL GRADATION / SENIORITY LIST OF DRIVERS IN VARIOUS GRADES APPOINTED UPTO 31.12.2022 | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| Addendum | | | | | | | | | |
| Sl. No. | Name | Date of Birth | Qualifi-cation | Mode of Appoint-ment | Opted District | Date of Advice / Appoint-ment | Date of Joining | Date of declar-ation of probation | Remarks |
| a | b | c | d | e | f | g | h | i | j |
| 22 A | Tais Berna | 19.08. 1976 | SSLC | PSC | Thiruvan anthapu | 09.03.2016 | 04.04. 2016/ 19 .03. | 04.04. 2018 | 1) Advised by KPSC District Office, Thiruvananthapuram on 09.03.2016 in Printing Department. 2) Appointed as per Proceedings No. 1954 /2016/E5 dated 29.03.2016 and retrenched due to the lack of vacancy as per Proceed |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | rd | | | | ram | | 2024 | | ing No.PTGD/2634/2023-ES dated 10/11/2023 in Printing Department.<br>3) Reappointed as per Proceedings No. ED3/27684/2009/DTE dated, 13/03/2024. Advise No. DTD(2)473835/21 dated 29.02.2024. |

മേൽപ്പറഞ്ഞ **31.12.2022** വരെ ഡ്രൈവർ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ ഗ്രേഡേഷൻ/ സീനിയോറിറ്റി ലിസ്റ്റ് ഈ ഭേദഗതിയോടെ നിലനിൽക്കുന്നതായിരിക്കും.

**SHALIJ P R**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സീനിയർ സൂപ്രണ്ട്, ഇഡി സെക്ഷൻ

Signed by
Shalij P R
Date: 23-02-2025 19:25:01